ഭരണഭാഷ – മാതൃഭാഷ

കേരള സർക്കാർ

പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ വകുപ്പ്
സ്വരാജ് ഭവൻ, നന്തൻകോട്, കവടിയാർ പി.ഒ
തിരുവനന്തപുരം–695003, ഫോൺ: 0471-2727255, 2314526
വെബ്സൈറ്റ്: principaldirectorate.lsgkerala.gov.in
ഇ-മെയിൽ: dpl.pdlsgd@kerala.gov.in

No.LSGD/PD/12300/2024-DPLB2 തീയതി: 21-12-2024

## സർക്കുലർ

വിഷയം: ത.സ്വ.ഭ.വ.-പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -കെ സ്മാർട്ട് സോഫ്റ്റ് വെയർ -ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ വിന്യസിക്കുന്നത് - സംബന്ധിച്ച്

സൂചന: 20.12.2024 ൽ പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കടലാസ് രഹിത ഭരണ സംവിധാനം ഏർപ്പെടുത്തിന്നതിനും സേവനം സമയബന്ധിതവും കാര്യക്ഷമവും ആക്കുന്നതിനായി ലക്ഷ്യമിട്ട് കെ സ്മാർട്ട് ആപ്ലിക്കേഷൻ 2024 ജനുവരി 1 മുതൽ കേരളത്തിലെ നഗര തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന ILGMS സോഫ്റ്റ് വെയർ അപ്ഗ്രേഡ് ചെയ്ത് കെ സ്മാർട്ട് ലേക്ക് പരിവർത്തനം ചെയ്യുന്നതിനും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും കെ സ്മാർട്ട് ആപ്ലിക്കേഷൻ നടപ്പിലാക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ ആദ്യ പടിയായി ഒരു ഗ്രാമ പഞ്ചായത്തിലും ഒരു ബ്ലോക്ക് പഞ്ചായത്തിലും ഒരു ജില്ലാ പഞ്ചായത്തിലും പൈലറ്റായി കെ സ്മാർട്ട് ആപ്ലിക്കേഷൻ വിന്യസിക്കുന്നത് അഭികാമ്യം ആയിരിക്കും എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2025 ജനുവരി 1 മുതൽ തിരുവനന്തപുരം ജില്ലയിലെ കരകുളം ഗ്രാമ പഞ്ചായത്തിലും ആയതിൽ അപാകതകൾ ഉണ്ടാകുന്ന പക്ഷം അപാകതകൾ പരിഹരിച്ച് തുടർന്നുള്ള ദിവസങ്ങളിൽ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്തിലും തുടർന്ന് തിരുവനന്തപുരം ജില്ലാ പഞ്ചായത്തിലും പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് സൂചന പ്രകാരം തീരുമാനിക്കുകയുണ്ടായി. അയതിന്റെ അടിസ്ഥാനത്തിൽ കെ സ്മാർട്ട് സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ നടപ്പിൽവരുത്തേണ്ടതാണ്

1. കരകുളം ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള ഐ എൽ ജി എം എസ് ആപ്ലിക്കേഷനിലുള്ള പരമാവധി ഫയലുകളും 2024 ഡിസംബർ 31 നകം തീർപ്പാക്കേണ്ടതാണ്.
2. നിലവിലുള്ള സോഫ്റ്റ് വെയർ ആപ്ലിക്കേഷനുകളായ ഐ എൽ ജി എം എസ്, സങ്കേതം , സഞ്ചയ ,സാംഖ്യ എന്നിവ 2025 ജനുവരി 1 വൈകുന്നേരം 5 മണി മുതൽ ക്ലോസ് ചെയ്യുന്നതാണ്. പെൻറിങ് ടാസ്ക് എല്ലാം തന്നെ എത്രയും വേഗം പൂർത്തിയാക്കേണ്ടതാണ്. തുടർന്നുള്ള എല്ലാ നടപടികളും അപേക്ഷകളും കെ സ്മാർട്ടിലൂടെ നടത്തേണ്ടതാണ്
3. കെ സ്മാർട്ട് ആരംഭിക്കുന്നതിനാവശ്യമായ സർവീസ് മാപ്പിങ് , മാസ്റ്ററുകളുടെ പൂർത്തിയാക്കൽ

എന്നിവ 2025 ജനുവരി 4 നകം കരകുളം ഗ്രാമപഞ്ചായത്തും നിർദ്ദേശം ലഭ്യമാക്കുന്ന മുറയ്ക്ക് നെടുമങ്ങാട് മുനിസിപ്പാലിറ്റിയും, തിരുവനന്തപുരം ജില്ലാ പഞ്ചായത്തും പൂർത്തീകരിക്കേണ്ടതാണ്.

4. കെ സ്മാർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച അറിയിപ്പും ആയതിന്റെ ഭാഗമായി 2024 ഡിസംബർ 31 വൈകുന്നേരം 5 മണി മുതൽ 2025 ജനുവരി 5 വരെ സേവനങ്ങൾക്കായുള്ള അപേക്ഷകൾ കരകുളം ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കില്ല എന്ന വിവരവും പൊതു ജനങ്ങളെ അറിയിക്കേണ്ടതാണ്. നെടുമങ്ങാട് മുനിസിപ്പാലിറ്റി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ കെ സ്മാർട്ട് നടപ്പിലാക്കുന്ന മുറയ്ക്ക് ടി വിവരം പൊതു ജനങ്ങളെ അറിയിക്കേണ്ടതാണ്.

5. സേവനങ്ങൾക്കായി അപേക്ഷകൾ നൽകുന്നതിന് ജനങ്ങളെ സഹായിക്കുന്നതിനായി അതത് തദ്ദേശ സ്ഥാപനങ്ങളിൽ ഫെസിലിറ്റേഷൻ സെന്ററുകൾ/ ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കേണ്ടതും അതിനാവശ്യമായ സാങ്കേതിക സഹായം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതുമാണ്

6. ജീവനക്കാർക്കും ജനപ്രതിനിധികൾക്കും ആവശ്യമായ പരിശീലനം ഇൻഫർമേഷൻ കേരള മിഷൻ നൽകേണ്ടതും കെ സ്മാർട്ടിന്റെ സുഗമമായ പ്രവർത്തനത്തിനായി പ്രസ്തുത തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ആവശ്യമായ സാങ്കേതിക വിദഗ്ധരെ ഇൻഫർമേഷൻ കേരള മിഷൻ മുഖേന നിയോഗിക്കേണ്ടതുമാണ്.

വിശദമായ പ്രവർത്തന മാർഗ രേഖയും മാന്വലും പിന്നീട് പുറപ്പെടുവിക്കുന്നതാണ്.

വിശ്വസ്തതയോടെ,

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ്

1. ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി
2. പ്രിൻസിപ്പൽ സെക്രട്ടറി , തദ്ദേശസ്വയം ഭരണ വകുപ്പ്
3. പ്രിൻസിപ്പൽ ഡയറക്ടറുടെ സി എ ക്ക്
4. അർബൻ ഡയറക്ടറുടെ സി എ ക്ക്
5. റൂറൽ ഡയറക്ടറുടെ സി എ ക്ക്
6. ചീഫ് മിഷൻ ഡയറക്ടർ & എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
7. ജില്ലാ ജോയിന്റ് ഡയറക്ടർ, തിരുവനന്തപുരം
8. സെക്രട്ടറി, കരകുളം ഗ്രാമപഞ്ചായത്ത് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
9. സെക്രട്ടറി, നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
10. സെക്രട്ടറി, തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
11. കരുതൽ ഫയൽ

Signed by
Dinesan Cheruvat
Date: 21-12-2024 17:40:11